കേരള സർക്കാർ

നം.ഡി.എ 1/529(1)/2017/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, 26.07.2017

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്-പദ്ധതി നിർവ്വഹണവും അവലോകനവും-സ്പിൽ ഓവർ പദ്ധതികളുടെ നിർവ്വഹണം-സംബന്ധിച്ച്

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 12/07/2017-ലെ 2.1, 2.2-ാം നമ്പർ തീരുമാനങ്ങൾ

2015-16-ൽ പുതുതായി തുടങ്ങിയതും 2016-17-ൽ സ്പിൽഓവറായി തുടരുന്നതുമായ പ്രോജക്ടുകൾ 31.03.2017-നു മുമ്പ് പൂർത്തിയാക്കി 30.06.2017 നു മുമ്പ് ബിൽ തുക നൽകിയാൽ ഇത്തരം പ്രോജക്ടുകൾക്ക് ക്യാരിഓവർ തുക നൽകും എന്ന് അറിയിച്ചിരുന്നു. കൂടാതെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഈ വർഷത്തെ സ്പിൽഓവർ പ്രോജക്ടുകൾക്ക് പരമാവധി ചെലവ് 30.06.2017-നു വരുത്തണമെന്നും നിർദ്ദേശിച്ചിരുന്നു.

എല്ലാത്തരം സ്പിൽഓവർ പ്രോജക്ടുകളും 30.06.2017-നു മുമ്പ് പൂർത്തിയാക്കണമെന്ന് പല തദ്ദേശഭരണസ്ഥാപനങ്ങളും തെറ്റായി ധരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന സ്പഷ്ടീകരണം നൽകുന്നു.

2017-18-ലെ സ്പിൽഓവർ പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നതിന് 31.03.2018-വരെ സമയം എടുക്കാവുന്നതും ഇതിന്റെ ബിൽ തുക 31.03.2018-നകം നൽകേണ്ടതുമാണ്. കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം 2015-16-നു മുൻപുള്ള പ്രോജക്ടുകളും 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ സുലേഖ സോഫ്റ്റ് വെയറിൽ ക്രമീകരണം ചെയ്യുന്നുണ്ട്. അവയ്ക്ക് 2017-18-ലെ ബഡ്ജറ്റ് വിഹിതമോ തനത് ഫണ്ടോ ഉപയോഗിക്കേണ്ടതാണ്. ഇത്തരം പ്രോജക്ടുകളുടെ നിർവ്വഹണത്തിനും 31.03.2018 വരെ സമയം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഓരോ ത്രൈമാസവും 25% തുക ചെലവഴിക്കണമെന്ന നിബന്ധന ഉള്ളതിനാൽ സ്പിൽഓവർ പ്രോജക്ടുകളുടെ നിർവ്വഹണം എത്രയും വേഗം പൂർത്തിയാക്കി ബിൽ തുക നൽകാൻ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പ്രത്യേകം ശ്രദ്ധിക്കണം.

എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഓരോ ത്രൈമാസത്തിലും 25 ശതമാനം ബഡ്ജറ്റ് തുക ചെലവഴിക്കത്തക്ക രീതിയിൽ പദ്ധതി നിർവ്വഹണം ക്രമപ്പെടുത്തേണ്ടതാണ്. 2018 മാർച്ചിൽ പരമാവധി 15 ശതമാനം തുകയെ ചെലവഴിക്കാൻ സാധിക്കുകയുള്ളൂ. ഓരോ തദ്ദേശഭരണ സ്ഥാപനവും ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥരും ഇത് കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇത് പാലിക്കുക എന്നത് നിർവഹണ ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ ബാദ്ധ്യതയായിരിക്കുന്നതുമാണ്.

ഇപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി ചെലവ് കൈവരിക്കുന്നുണ്ടോയെന്ന് സംസ്ഥാനതലത്തിൽ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ വിലയിരുത്തേണ്ടതും ജില്ലാതലത്തിൽ ഡി.പി.സി അവലോകനം നടത്തേണ്ടതുമാണ്. ജില്ലാതല അവലോകനം ഫലപ്രദമാക്കുന്നതിന് ഓരോ ത്രൈമാസത്തിലും ബ്ലോക്ക്തല അവലോകനം കാര്യക്ഷമമായി നടത്തേണ്ടതാണ്. ഡി.പി.സി.യുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ബ്ലോക്ക്തല യോഗത്തിൽ കഴിവതും സ്ഥലങ്ങളിൽ ജില്ലാ കളക്ടർമാർ പങ്കെടുക്കണം. ജില്ലാ പ്ലാനിംഗ് ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) എന്നിവർ നിർബന്ധമായും എല്ലാ യോഗത്തിലും പങ്കെടുക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻ, സെക്രട്ടറി, എല്ലാ നിർവഹണ ഉദ്യോഗസ്ഥന്മാർ എന്നിവർ നിർബന്ധമായും ബ്ലോക്ക്തല അവലോകനത്തിൽ പങ്കെടുക്കേണ്ടതാണ്. ബ്ലോക്ക്തല യോഗം ജില്ലാ കളക്ടർ വിളിച്ചുചേർക്കുന്നതിനാൽ ജില്ലാ കളക്ടറുടെ അനുമതിയോടെയല്ലാതെ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ യോഗത്തിൽ ഹാജരാകാതിരിക്കാൻ പാടില്ല. ബ്ലോക്ക്തല യോഗങ്ങളുടെ നടപടിക്കുറിപ്പ് ക്രോഡീകരിച്ച് ജില്ലാ പ്ലാനിംഗ് ഓഫീസർമാർ ആസൂത്രണബോർഡ് വികേന്ദ്രീകൃതാസൂത്രണ ഡിവിഷൻ ചീഫിനു നൽകേണ്ടതാണ്. ചീഫ് ക്രോഡീകരിച്ച റിപ്പോർട്ട് കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ സമർപ്പിക്കേണ്ടതാണ്.

ബ്ലോക്ക്തല അവലോകനങ്ങളിൽ താഴെപ്പറയുന്നവ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(i) ഓരോ മേഖലയുടേയും പദ്ധതി പുരോഗതി അവലോകനം, ആകെ പ്രോജക്ടുകൾ, അവയുടെ നിർവഹണ ഘട്ടം, പദ്ധതി ചെലവ്, നിർവഹണം എന്നു പൂർത്തിയാവും ഇവ കൃത്യമായി വിലയിരുത്തേണ്ടതാണ്.

(ii) നിർവ്വഹണത്തിനു തടസ്സമായ പ്രശ്നങ്ങൾ ബ്ലോക്ക് തലത്തിൽ തന്നെ പരിഹരിക്കേണ്ടതാണ്. ആവശ്യമായവ ജില്ലാ കളക്ടറുടേയും, ജില്ലാ ആസൂത്രണ സമിതിയുടേയും ശ്രദ്ധയിൽകൊണ്ടു വന്ന് പരിഹരിക്കേണ്ടതാണ്.

(iii) സംസ്ഥാനതലത്തിൽ ഇടപെടൽ ആവശ്യമുള്ളവ എസ്.ആർ.ജി. മുഖേന സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

(iv) ഓരോ ജില്ലയിലേയും അവലോകന കലണ്ടർ ആസൂത്രണബോർഡ് വികേന്ദ്രീകൃതാസൂത്രണ ഡിവിഷൻ ചീഫിനെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ